# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1318 — 10.08.2017-ൽ മറുപടിയ്ക്ക്

## മത്സ്യമേഖലയിലെ ആധുനികവൽക്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | മത്സ്യമേഖലയുടെ ആധുനികവൽക്കരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | മത്സ്യമേഖലയുടെ ആധുനികവൽക്കരണത്തിനായി വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് നേരിട്ടും വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികൾ മുഖേനയും നടപ്പിലാക്കി വരുന്നു. മത്സ്യവകുപ്പ് നടപ്പാക്കിവരുന്ന തുടർപദ്ധതികൾക്ക് പുറമേ മത്സ്യമേഖലയുടെ ആധുനികവൽക്കരണത്തിന് നിരവധി പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു. ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്ന പദ്ധതി, മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കെട്ടിട സമുച്ചയം നിർമ്മിച്ച് വാസസ്ഥലം നൽകുന്ന പദ്ധതി, മത്സ്യത്തൊഴിലാളി ഭവനങ്ങൾക്ക് വൈദ്യുതീകരണത്തിന് ധനസഹായം, തീരപ്രദേശത്ത് അംഗനവാടികൾ, ലൈബ്രറികൾ, ആശുപത്രികൾ എന്നിവയുടെ നിർമ്മാണം, മേഖലാ ഫിഷറീസ് സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ പ്രത്യേക പദ്ധതി, തീരപ്രദേശത്തെ 40 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്റൂം, അടുക്കള ഷെഡ് നവീകരണം, 50 സർക്കാർ സ്കൂളുകളിൽ സ്പോർട്സ് കിറ്റും, 5 കേന്ദ്രങ്ങളിൽ കളി സ്ഥലവും, തീരപ്രദേശത്ത് സാക്ഷരത ഉറപ്പാക്കുന്നതിന് സംസ്ഥാന സാക്ഷരതാ മിഷനുമായി ചേർന്ന് അക്ഷര സാഗരം പദ്ധതി തുടങ്ങിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് ഇ-ഗ്രാന്റ്സ് പദ്ധതി, കരിയർ ഗൈഡൻസ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ജോലി ഉറപ്പാക്കുന്നതിന് മെഡിക്കൽ എൻട്രൻസ്, ബാങ്ക് ടെസ്റ്റ്, സിവിൽ സർവ്വീസ്, പി.എസ്.സി പരീക്ഷാ പരിശീലനം, തീരപ്രദേശത്ത് ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നതിന് 50 മെഡിക്കൽ ക്യാമ്പുകൾ, തീരനൈപുണ്യ പദ്ധതി എന്നിവയും നടപ്പിലാക്കുന്നു. ആധുനിക സൗകര്യങ്ങളോടുകൂടിയ ഫിഷ് മാർക്കറ്റുകൾ, ആധുനിക മത്സ്യ വിപണന യൂണിറ്റുകൾ, മത്സ്യഫെഡിന്റെ ഫ്രീ പ്രോസസിംഗ് സെന്റർ നവീകരണം എന്നിവയും നടപ്പിലാക്കുന്നു. ഉൾനാടൻ മേഖലയിൽ കൂടുകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ, നൂതന മത്സ്യകൃഷി രീതികൾ, ഗിഫ്റ്റ് സാറ്റലൈറ്റ് ഫാമുകൾ, പൊതുമേഖലയിൽ മത്സ്യത്തീറ്റ നിർമ്മാണ ശാല, തദ്ദേശ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ ഹാച്ചറികൾ, മത്സ്യ വിത്തുൽപ്പാദനത്തിൽ സ്വയം പര്യാപ്തത |

| | | | |
|---|---|---|---|
| | | | കൈവരിക്കാൻ ഹാച്ചറികളുടെ നവീകരണവും നിർമ്മാണവും, തീരക്കടലിൽ മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിന് കൃത്രിമപാരുകൾ എന്നിവ നടപ്പിലാക്കുന്നു. മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനായി പുതിയ ഫിഷറീസ് നയം, കെ.എം.എഫ്.ആർ നിയമഭേദഗതി, മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും രക്ഷപ്പെടുത്തുന്നതിനും ഗുണമേന്മയുള്ള മത്സ്യം ഉറപ്പാക്കുന്നതിനും മാർക്കറ്റിംഗ് ബിൽ എന്നിവയും ഉടൻ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | മത്സ്യഫെഡിന്റെ നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ; | (ബി) | മത്സ്യഫെഡിന്റെ നേതൃത്വത്തിൽ പരമ്പരാഗത മത്സ്യ ത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യം സംഭരിക്കുന്ന തിനും, വിപണനം നടത്തുന്നതിനും, ഹാർബർ, ലാന്റിംഗ് സെന്റർ കേന്ദ്രീകരിച്ച് അടിസ്ഥാന സൗകര്യ വികസനവും (ശീതീകരണ സംവിധാനങ്ങൾ, ഐസ് പ്ലാന്റ് മുതലായവ) വിപണനത്തിനുള്ള സജ്ജീകരണ ങ്ങളും, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, മത്സ്യബന്ധന ഗ്രൂപ്പുകൾ എന്നിവയുടെ സഹകരണ ത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീക രിച്ചു വരുന്നുണ്ട്. ശുദ്ധമായ മത്സ്യം ശുചിത്വാന്തരീക്ഷ ത്തിൽ നൽകുന്നതിന് കേരളത്തിന്റെ വിവിധ ഭാഗ ങ്ങളിൽ ഹൈടെക്ക് ഫിഷ്മാർട്ട് (ബൂത്ത്) സ്ഥാപിച്ചു വരുന്നുണ്ട്. (നിലവിൽ 31 മാർട്ടുകൾ പ്രവർത്തിക്കുന്നു ണ്ട്) ഇതിനായി മത്സ്യസംഭരണ ശാലകൾ (ബേസ് സ്റ്റേഷൻ) കോട്ടയം, എറണാകുളം, കൊല്ലം എന്നിവിട ങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. മത്സ്യബന്ധനാവശ്യ ങ്ങൾക്കായി വിവിധ ജില്ലകളിൽ 13 മണ്ണെണ്ണ ബങ്കു കളും 9 ഡീസൽ ബങ്കുകളും സ്ഥാപിച്ച് പ്രവർത്തിക്കുന്നു. തിരുവനന്തപുരം, കോഴിക്കോട് ജില്ല കളിൽ ഓരോ മണ്ണെണ്ണ ബങ്കും, പൊന്നാനിയിലും കണ്ണൂരിലും ഓരോ ഡീസൽ ബങ്കും സ്ഥാപിക്കുന്ന തിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. മത്സ്യമേഖല യുടെ ആധുനികവൽക്കരണത്തിനായി, Total Automation നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള System Requirement Study (SRS) കെൽട്രോൺ മുഖാന്തിരം നടത്തി കഴിഞ്ഞു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മത്സ്യഫെഡ് കൈവരിച്ച പ്രവർത്തന ലാഭത്തിന്റെ വിശദാംശങ്ങൾ നൽകാമോ? | (സി) | 2016-17 സാമ്പത്തിക വർഷത്തിന്റെ ആഡിറ്റ് പുരോഗ മിച്ചു വരുന്നു. എന്നാൽ താൽക്കാലികമായി തയ്യാറാ ക്കിയ കണക്കുകൾ പ്രകാരം 2016-17 ൽ പ്രവർത്തന ലാഭം നേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ